GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/11/2026

1. തിരുവനന്തപുരം വെള്ളനാട് ഐ.സി.എ.ആർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മൈക്രോ ഇറിഗേഷൻ സിസ്റ്റം - ടെയിനിംഗ് ആൻഡ് ഇൻസ്റ്റലേഷൻ എന്ന വിഷയത്തിൽ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2026 നവംബർ 28-ന് വെള്ളനാട് കൃഷി വിജ്ഞാന കേന്ദ്രത്തിലാണ് പരിശീലനം നടക്കുന്നത്. ജനറൽ വിഭാഗത്തിലുള്ള കർഷകർക്കും

താൽപ്പര്യമുള്ളവർക്കും പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 9400288040 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. കൃഷിയിൽ ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ആധുനിക ജലസേചന രീതികൾ പരിചയപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

2. കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയുടെ 2026-ലെ റാബി സീസൺ ഒന്നാം ഘട്ടത്തിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. പദ്ധതിയുടെ പോർട്ടൽ തുറന്നിട്ടുണ്ട്. കർഷകർക്ക് ഇപ്പോൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. നെല്ല്, പച്ചക്കറികൾ തുടങ്ങിയ വിളകളാണ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പ്രകാരം നെല്ലിന് ഹെക്ടറിന് 1,200 രൂപയും പച്ചക്കറികൾക്ക് ഹെക്ടറിന് 2,000 രൂപയുമാണ് പ്രീമിയം തുക. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി തങ്ങളുടെ കൃഷിക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കണമെന്ന് അധികൃതർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി അടുത്തുള്ള കൃഷിഭവനുമായോ എ.ഐ.സി റീജിയണൽ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 14447 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള മണ്ണത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തിൽ നവംബർ **07 ന്** പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് ₹550/- രൂപ. പങ്കെടുക്കാനാഗ്രഹിക്കുന്നവര് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 മണി വരെ 8547070773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളം മുഖാന്തിരം Mission for Integrated Development of Horticulture (MIDH) പദ്ധതിയിൽ ഉൾപ്പെടുത്തി ഹോർട്ടികൾച്ചർ മേഖലയിലെ ഉൽപ്പന്നങ്ങളുടെ സംയോജിത വിളവെടുപ്പാനന്തര പരിപാലനത്തിനായി കളക്ഷൻ അഗ്രിഗേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു. കൺവെയർ ബെൽറ്റോടുകൂടിയ സോർട്ടിംഗ്, ഗ്രേഡിംഗ്, വാഷിംഗ്, ഡ്രൈയ്യിംഗ് യൂണിറ്റുകൾ, വെയ്റ്റിംഗ് ബ്രിഡ്ജ്, ഓട്ടോമേറ്റഡ് കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റം, HPT, BOPT, സ്റ്റാക്കിംഗ് (ക്രേറ്റുകൾ). ഡോക്ക് ലെവലർ സിസ്റ്റം, പ്രീക്കൂളിംഗ് (ആവശ്യമെങ്കിൽ), കോൾഡ് റൂം ട്രാൻസിറ്റ് എന്നിവ ഉൾപ്പെടുന്ന 22M X 26M വലുപ്പമുള്ള സംഭരണ കേന്ദ്രം സ്ഥാപിക്കുന്നതാണ് നിർദിഷ്ട പദ്ധതി. കേന്ദ്ര സർക്കാർ

സ്ഥാപനമായ National Centre for Cold Chain Development (NCCD) യുടെ മാനദണ്ഡങ്ങൾ പ്രകാരം ആണ് പദ്ധതി നടപ്പിലാക്കേണ്ടത്. ആകെ പദ്ധതി ചിലവ് 3.2 കോടി രൂപ. ആയതിന്റെ 35% 1.12 കോടി രൂപ പരമാവധി വായ്പ ബന്ധിത ധനസഹായം നൽകുന്നു. താല്പര്യമുള്ള കർഷകർ, കർഷകകൂട്ടായ്മകൾ, FPO, FIG, രജിസ്റ്റേഡ് സൊസൈറ്റീസ്, സ്വകാര്യ - പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർക്ക് ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഓഫീസുകൾ പഞ്ചായത്ത് തലം കൃഷി ഭവനുകൾ, ജില്ലാ തലം ജില്ലാ ഹോർട്ടികൾച്ചർ മിഷൻ, സംസ്ഥാന തലം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളം, തിരുവനന്തപുരം.

5. കേരള കാർഷിക സർവ്വകലാശാല പ്ലാന്റ് പ്രൊപഗേഷൻ ആൻഡ് നഴ്സറി മാനേജ്മെന്റ് യൂണിറ്റിന് കീഴിൽ കർഷകർ, സംരംഭകർ എന്നിവർക്കായി സസ്യപ്രവർദ്ധന രീതികൾ (പ്രൊപഗേഷൻ ടെക്നിക്സ് ഇൻ പ്ലാന്റ്-ബഡിങ്, ഗ്രാഫ്റ്റിങ് ആൻഡ് ലെയറിംഗ്) എന്ന വിഷയത്തിൽ സെൻട്രൽ നഴ്സറി വെള്ളാനിക്കരയിൽ വെച്ച് നവംബർ 03, 04 എന്നീ തീയതികളിൽ ദിദ്വിന പ്രായോഗിക പരിശീലനം നടത്തുന്നു. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. പരിശീലന ഫീസ് 1100 രൂപ. കൂടുതൽ വിവരങ്ങൾക്ക്

0487– 2438622 എന്ന ഫോൺ നംബറിൽ ബന്ധപ്പെടുക.

.